നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2637 19.06.2014 -ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.റ്റി.ബൽറാം | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കി-ക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ഈ ഉത്തരവ് സംബന്ധിച്ച വിശദാംശം നൽകാമോ ; | (എ) 01.09.2011 -ലെ സ.ഉ(പി) നം.183/11/പൊ.വി ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കിയി-ട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) മലയാളം മാതൃഭാഷയല്ലാത്ത കുട്ടികൾക്ക് മലയാളം ഭാഷ പഠിക്കുവാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയി-ട്ടുള്ളതെന്ന് വിശദമാക്കാമോ ; | (ബി) 01.09.2011 -ലെ സ.ഉ(പി) നം.183/11/പൊ.വി പ്രകാരം കന്നട, തമിഴ്, ഗുജറാത്തി എന്നിവ മാതൃഭാഷയായുള്ള കുട്ടികൾക്ക് അവരുടെ മാതൃഭാഷ ഒന്നാം ഭാഷയായി തന്നെ പഠിക്കുവാൻ നിലവിലുള്ള സംവിധാനം തുടരുന്നതായും എന്നാൽ അവർക്ക് നിലവിലുള്ള ഭാഷയ്ക്കു പുറമെ മലയാളം കൂടി പഠിക്കുവാൻ സാഹചര്യം ഒരുക്കുന്നതുമായാണ് ഉത്തരവായി-രിക്കുന്നത്. കൂടാതെ ടി ഉത്തരവനു -സരിച്ച് സംസ്ഥാനത്തെ അറബിക്, സംസ്കൃതം ഓറിയന്റൽ സ്കൂളുകളിൽ ഒന്നാം ഭാഷയുടെ പാർട്ട് 2-ലെ പേപ്പർ 1 എന്നുള്ളത് അറബി/ സംസ്കൃതം എന്നും പേപ്പർ 2 |

(............2)

എന്നുള്ളത് മലയാളവുമായിരിക്കണ-
മെന്നാണ്, ഈ രീതിയിൽ
വരുമ്പോൾ വിവരസാങ്കതിക വിദ്യ
ഉൾ പ്പെടെ 11 വിഷയങ്ങൾ
കുട്ടികൾക്ക് പഠിക്കേണ്ടതായി
വന്നിരുന്നു. ആയത്
പരിശോധിക്കുകയും 18.10.13 -ലെ
42043/എസ്1/13/ പൊ.വി കത്ത്
പ്രകാരം ഓറിയന്റൽ സ്കൂളുകളിൽ
ഒന്നാം ഭാഷയുടെ ഒന്നാം പേപ്പർ
സംസ്കൃതം / അറബി, രണ്ടാം പേപ്പർ
പൂർണ്ണമായും മലയാളവും
പഠിപ്പിക്കുന്നതിന് അനുമതി
നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇതിനായി സ്കൂളുകളിലെ പീരിയഡുകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

(സി) 01.09.2011 -ലെ സ.ഉ(പി) നം.183/11/പൊ.വി ഉത്തരവനുസ-രിച്ച് മലയാളം കൂടുതൽ ഫലപ്രദമായി പഠിക്കുന്നതിന് ആഴ്ചയിൽ രണ്ട് എന്നതിനു പകരം മൂന്ന് പീരീഡുകൾ നീക്കി വയ്ക്കാനും ഇതിനായി ചൊവ്വാഴ്ച ദിവസം ടൈം ടേബിൾ 8 പീരിയഡായി പുന ക്രമീകരിച്ച് ഒരു അധിക പീരീഡ് കണ്ടെത്തുവാനും അന്നേ ദിവസം ഉച്ചവരെ 40 മിനിട്ടിന്റെ 4 പിരീഡുകളും ഉച്ചയ്ക്ക് ശേഷം 35 മിനിട്ടിന്റെ 4 പിരീഡുകളുമായി പഠനസമയം പുന ക്രമീകരിക്കു-വാനും നിർ ദ്ദേശിച്ചിട്ടുണ്ട്. കൂടാതെ അറബിക് സംസ്കൃതം ഓറിയന്റൽ സ്കൂളുകളിൽ മലയാളത്തിനായി മൂന്ന് പീരീഡുകൾ കണ്ടെത്തുവാനും ഇതിനായി ചൊവ്വ, ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ ടൈം ടേബിൾ 3 പീരീഡായി പുന ക്രമീകരിച്ച് ദിവസം 1 വീതം 3 പീരിഡുകൾ മാറ്റി വയ്ക്കാനും ഉത്തരവായിട്ടുണ്ട്. ഈ

(............3)

ദിവസങ്ങളിൽ ഉച്ചവരെ 40
മിനിട്ടിന്റെ 4 പീരീഡുകളും ഉച്ചക്ക്
ശേഷം 35 മിനിട്ടിന്റെ 4 പീരീഡു-
കളുമായി പഠന സമയം
ക്രമീകരിക്കുന്നതിന് എല്ലാ
വിദ്യാഭ്യാസ ഓഫീസർമാർക്കും
നിർ ദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്